കോഴിക്കോട് വിമാനത്താവള റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ നടപടി

48 (4395) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവള റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇവ സ്ഥാപിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇത് എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെഞ്ചറി കമ്മ്യൂണിക്കേഷൻസ്, 40/5956, എ.ആർ.കെ. ബിൽഡിംഗ്, ബാനർജി റോഡ്, കൊച്ചി - 632031 എന്ന സ്ഥാപനത്തിനെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്.

(സി) കരാർ കാലാവധി പ്രകാരം 2010 ആഗസ്റ്റ് 26-നകം പൂർത്തീകരിക്കും.

ബൈകൂപ്പ പുഴയ്ക്ക് കുറുകെ പാലം പണിയാൻ കർണ്ണാടക സർക്കാരിന്റെ അനുമതി പത്രം

49 (4396) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി മണ്ഡലത്തിൽപ്പെട്ടതും കർണ്ണാടകാ അതിർത്തി പങ്കിടുന്നതുമായ ബൈകൂപ്പ പുഴയ്ക്ക് കുറുകെ പാലം പണി കേരള പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ട് വർഷങ്ങളായെങ്കിലും കർണ്ണാടകാ സർക്കാരിന്റെ അനുമതി പത്രം ലഭിക്കാത്തതിനാൽ പാലം പണിയാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കർണ്ണാടക സർക്കാരിന്റെ അനുമതി പത്രം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2006 മുതൽ സംസ്ഥാന സർക്കാർ ഈ കാര്യത്തിനായി കത്തിടപാടുകൾ നടത്തുന്നുണ്ട്. ഏറ്റവും ഒടുവിൽ സംസ്ഥാന പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി 6-5-2010-ൽ ഈ കാര്യം കർണ്ണാടക പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്യുകയുണ്ടായി. പാലം നിർമ്മിച്ച്,

LIBRARY ARCHIVES Kerala Legislative Assembly